## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2084 | 06.10.2016-ൽ മറുപടിയ്ക്ക് |

## തീരദേശ ഹൈവേകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തീരദേശ ഹൈവേകൾ പലതിന്റെയും നിർമ്മാണം പകുതി വഴിയിൽ മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) താനൂർ ടിപ്പു സുൽത്താൻ റോഡു വഴി കടന്നു പോകുന്ന കോഴിക്കോട് - എറണാകുളം തീരദേശ ഹൈവേ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കാമോ; | (ബി) പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള 56.49 കി.മീ. ദൈർഘ്യം വരുന്ന ടിപ്പു സുൽത്താൻ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായുള്ള 1326.75 കോടി രൂപയുടെ എസ്റ്റിമേറ്റിൽ, ആശാൻപടി മുതൽ ചീരാൻ കടപ്പുറം വരെയുള്ള 9.4 കി.മീ. വികസിപ്പിക്കാൻ 117.62 കോടി രൂപയ്ക്ക് 12.03.2013-ലെ സ.ഉ. (സാധാ) നം. 348/2013/പൊ.മ.വ പ്രകാരം അനുമതി നൽകിയിട്ടുള്ളതും, ഇതിൽ ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ പ്രവൃത്തി ആർ.ബി.ഡി.സി.കെ 2014-സെപ്റ്റംബറിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭരണാനുമതി നൽകിയിട്ടുള്ള പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള 5 കി.മീ. ഭാഗത്തേയും, ആശാൻപടി മുതൽ ട്രാൻസ്ഫോർമർ റോഡ് വരെയുള്ള 2 കി.മീ. ഭാഗത്തേയും ഭൂമി ഏറ്റെടുക്കൽ നടപടികൾ LAR 2013 നടപടി ക്രമങ്ങൾ പ്രകാരം പൂർത്തിയാകേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;ഇതിനായി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ? | (സി) | തീരദേശ ഹൈവേ എത്രയും വേഗം നടപ്പിലാക്കുന്നതിനും, അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറെ കൺവീനറും, പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായി ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ